പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3183 — 20/06/2014- ൽ മറുപടിക്ക്

## അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന കന്നുകാലികൾക്ക് പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന കന്നുകാലികൾ രോഗവിമുക്തമാണെന്ന് ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന കന്നുകാലികൾക്ക് രോഗനിർണ്ണയ പരിശോധന കർശനമാക്കിയിട്ടുണ്ട്. പരിശോധനയിൽ രോഗബാധിതരായ കാലികളെ കണ്ടെത്തിയാൽ അവയെ തിരിച്ചയയ്ക്കാറുണ്ട്. കന്നുകാലികളെ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്ന വാഹനങ്ങൾ അണുനശീകരണത്തിനു വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കന്നുകാലികളുടെ രക്ത സാമ്പിളുകൾ റാൻഡം ആയി ശേഖരിച്ച് ജില്ലാ റീജീയണൽ ലാബിൽ പരിശോധയ്ക്കായി അയയ്ക്കാറുണ്ട്. കന്നുകാലികളെ ഏതു സ്ഥലത്തു നിന്നാണ് കൊണ്ടുവരുന്നതെന്നും, ആ സ്ഥലങ്ങളിൽ മൃഗങ്ങൾക്ക് രോഗബാധയില്ലായെന്നും, കൊണ്ടുവരുന്ന കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പെടുത്തിട്ടുണ്ടെന്നുമുള്ള വെറ്ററിനറി ഡോക്ടറുടെ തീയതിയോടുകൂടിയുള്ള സർട്ടിഫിക്കറ്റുള്ള മൃഗങ്ങളെ മാത്രമാണ് സംസ്ഥാനത്തിനകത്തേക്ക് കടത്തിവിടുന്നത്. അല്ലാത്തവയെ തിരിച്ചയക്കാറുണ്ട്. |
| ബി) ശരിയായ പരിശോധനകൾ നടത്താതെ ഇപ്രകാരം കൊണ്ടുവരുന്ന കന്നുകാലികൾ സംസ്ഥാനത്തിനുള്ളിൽ വ്യാപകമായ പകർച്ച വ്യാധികൾക്ക് കാരണമാകുന്നതായി അറിയാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ വിശദമായ പരിശോധനകൾക്കുശേഷം മാത്രം കടത്തി വിടാൻ നടപടികൾ സ്വീകരിക്കുമോ? | സി) കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ വിശദമായി പരിശോധിക്കുന്നതിനുള്ള പൂർണ്ണമായ സൗകര്യം ഇപ്പോൾ നിലവിലില്ല. വിശദ പരിശോധന നടത്തുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ധരെയും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് വിശദമായ പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ